# File No.TCPKTM/502/2020-C

**"ഭരണഭാഷ-മാതൃഭാഷ"**

**ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം**

വിഷയം : തദ്ദേശസ്വയം ഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം- ഞീഴൂർ ഗ്രാമപഞ്ചായത്ത് റസിഡൻഷ്യൽ ആവശ്യത്തിനുള്ള പ്ലോട്ട് സബ് ഡിവിഷൻ - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.11.2020-ലെ -A2-0029/2020 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ TCPKTM/502/2020-C/D.dis തീയതി : 20/01/2021**

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള, ഞീഴൂർ വില്ലേജിൽ, റീ സർവ്വേ നമ്പർ 281/1, 281/2, 282/2, 282/1-1, 283/7 എന്നിവയിൽപെട്ട 88.35 ആർ വിസ്തീർണ്ണമുള്ള സ്ഥലം താമസാവശ്യത്തിനുള്ള പ്ലോട്ട് സബ്ഡിവിഷൻ (12 എണ്ണം) നടത്തുന്നതിന് കെ.പി.ബി.ആർ-2019 -ലെ ചട്ടങ്ങൾക്കും , താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി., അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ:-**

1. കെ.പി.ബി.ആർ-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, പുറംമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. കെ.പി.ബി.ആർ-2019 ചട്ടം 10 പ്രകാരം ആവശ്യമായ വികസന പെർമിറ്റ് ലഭ്യമായിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. പ്ലോട്ട് വിഭജനം മൂലം പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
5. മഴവെള്ളം ഒഴുകിപ്പോകുന്നതിന് ആവശ്യമായ ഡ്രെയിനേജ് സൗകര്യം പ്ലോട്ടിനുള്ളിൽ നൽകിയിരിക്കണം.
6. വിഭജന പ്ലോട്ടിൽ കട്ടിംഗ് & ഫില്ലിംഗ് ആവശ്യമായി കാണുന്നതിനാൽ, അവ പാരിസ്ഥിക ആഘാതം ഉണ്ടാകാത്ത തരത്തിലാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. നിർദ്ദിഷ്ട സ്ഥലത്ത് വികസന / നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും, അനുബന്ധ സർക്കുലറുകൾക്കും , 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിനും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
8. കെ.പി.ബി.ആർ-2019-നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട പ്ലോട്ട് വികസനം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

മേൽ അംഗീകാരം, ഭൂവികസന പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-20119 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ് ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കാവൂ.

**ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ / വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.**

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 04/2021/KTM)**

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി,
ഞീഴൂർ ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ്:
1. ശ്രീ. സിനാജ് മൈക്കിൾ, മാളിയേക്കൽ, നീണ്ടൂർ പി.ഒ, കോട്ടയം
2. അധികം- 1.